## സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ

**163 (166)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ രണ്ട് വർഷങ്ങളിലെ കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

(സി) കൗൺസിലിന്റെ നടപ്പുസാമ്പത്തികവർഷത്തെ പ്രവർത്തന പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

1. ശാസ്ത്ര സാങ്കേതിക മേഖലയിലെ സമഗ്രമായ ഗവേഷണങ്ങൾ, അതുമായി ബന്ധപ്പെട്ട പ്രോൽസാഹനം, പ്രചാരണം എന്നിവ ആസൂത്രണം ചെയ്യുകയും രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

2. കൗൺസിലിന്റെ ഗവേഷണ സ്ഥാപനങ്ങൾക്ക് സർവ്വതോന്മുഖമായി വേണ്ട വികസന-ഗവേഷണ പദ്ധതികൾക്ക് ആവശ്യമായ പിന്തുണയും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുക.

3. ഗവേഷണ സ്ഥാപനങ്ങൾക്കും ഗവേഷണ പദ്ധതികൾക്കും മറ്റ് നടത്തിപ്പിനും ആവശ്യമായ വരുന്ന ഗ്രാന്റ്, സർക്കാരിൽ നിന്നും വാങ്ങി ഫലപ്രദമായ രീതിയിൽ അനുയോജ്യമായി വിനിയോഗിക്കുക.

(ബി & സി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കഴിഞ്ഞ രണ്ട് വർഷങ്ങളിലെ പ്രധാന പ്രവർത്തനങ്ങളും നടപ്പു സാമ്പത്തിക വർഷത്തിൽ തുടർന്നുവരുന്ന പ്രവർത്തന പരിപാടികളുടെയും ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഭൂചലനം സംബന്ധിച്ച് ഭൗമശാസ്ത്രകേന്ദ്രത്തിന്റെ പഠനറിപ്പോർട്ട്

**164 (167)** ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി, കോട്ടയം ജില്ലകളിൽ ഉണ്ടായ ഭൂചലനങ്ങളെ സംബന്ധിച്ച് ഭൗമശാസ്ത്രകേന്ദ്രം പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് റിപ്പോർട്ട് പരിശോധിക്കുകയുണ്ടായോ ; പരിശോധനാഫലവും സ്വീകരിച്ച നടപടിയും സംബന്ധിച്ച് വിശദമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly